# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4380

27.06.2013 -ൽ മറുപടി നൽകേണ്ടത്

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | കേരളത്തെ ഭൂരഹിതരായ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് 'ഭൂരഹിതരില്ലാത്ത കേരളം 2015'. സംസ്ഥാനത്തൊട്ടാകെ വില്ലേജാഫീസുകൾ വഴി അപേക്ഷ സ്വീകരിച്ച് അതിന്മേൽ, വില്ലേജ് തലത്തിലും താലൂക്ക് തലത്തിലും അന്വേഷണം നടത്തി അർഹരായി കണ്ടെത്തിയ ഭൂരഹിത കുടുംബങ്ങളുടെ ലിസ്റ്റ് 15.08.2012 -ൽ പ്രസിദ്ധീകരിച്ചു. അപേക്ഷ സ്വീകരിക്കുന്ന തീയതി 15.02.2013 വരെ ദീർഘിപ്പിച്ചതിൻ പ്രകാരം കിട്ടിയ അപേക്ഷകളിന്മേൽ അന്വേഷണം നടന്നു വരുന്നു. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ, കണ്ടെത്തിയ ഭൂമിയിൽ സർവ്വേ ചെയ്ത് വാസയോഗ്യമായ 3 സെന്റ് ഭൂമി വീതം പ്ലോട്ടുകളായി തിരിക്കുന്ന ജോലി കൊല്ലം ജില്ലയിലും നടന്നു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ജില്ലയിലെ പുറമ്പോക്ക്, തരിശ് പ്രകാരമുള്ള സർക്കാർ ഭൂമി പരിശോധിച്ച് ലഭ്യത തിട്ടപ്പെടുത്തിയിട്ടുണ്ടോ ; | ജില്ലാ കളക്ടറുടെ റിപ്പോർട്ടുകൾ പ്രകാരം സർവ്വേ പൂർത്തിയായതിൽ നിന്ന് സർക്കാർ തരിശിനത്തിൽ 37.47 ഏക്കർ ഭൂമി ഈ പദ്ധതിയ്ക്ക് വേണ്ടി നിലവിൽ ലഭ്യമായിട്ടുണ്ട്. ഇപ്പോൾ നടന്നുവരുന്ന സർവ്വേ ജോലി പൂർത്തി |

| | |
|---|---|
| | യാക്കുന്ന മുറയ്ക്ക് മാത്രമേ ഭൂമിയുടെ കൃത്യമായ വിസ്തീർണ്ണം വെളിവാകുകയുള്ളു. |
| (സി) എങ്കിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വില്ലേജുകളിൽപ്പെടുന്ന പ്രസ്തുത ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വില്ലേജ് | സർവ്വെ നമ്പർ | വിസ്തീർണം (ആർ) |
|---|---|---|
| നെടുവത്തൂർ | 267/13 | 81.10 |
| | 8/5 | 39.67 |
| | 8/7 | 12.85 |
| | 67/21 | 18.20 |
| കരീപ്ര | 120/3 | 41.40 |
| ഉമ്മന്നൂർ | 220/4 | 31.20 |
| | 315/20 | 06.16 |
| | 657/5 | 14.80 |
| | 657/3 | 20,20 |
| കലയപുരം | 246/1 | 02.05 |
| | 246/2 | 27.21 |
| പുത്തൂർ | 118/4 | 10.40 |
| ആകെ വിസ്തീർണ്ണം | | 7·54 ഏക്കർ (3·05·24 ഹെക്ടർ) |

സെക്ഷൻ ഓഫീസർ